# തോൽവി കുറ്റമല്ല

**തോറ്റതിന്റെ പേരിൽ നിരാശപ്പെടുകയോ ആത്മഹത്യയിൽ അഭയം തേടുകയോ ചെയ്യേണ്ടതില്ലെന്ന ചിന്ത കുട്ടികളിൽ നിറയ്ക്കാനുള്ള ചുമതല മാതാപിതാക്കൾക്കും സമൂഹത്തിനുമുണ്ട്**





**സന്ധ്യാറാണി. എൽ**
ചൈൽഡ് & ഫാമിലി കൗൺസലർ
Consolace Counselling Services
തിരുവനന്തപുരം & ചങ്ങനാശ്ശേരി
9387613503
www.consolace.com

വിദ്യാർ ത്ഥികളുടെ ബുദ്ധിപരമായ കഴിവുകളെ വിലയിരുത്തുന്നത്, ഇപ്പോൾ, എഴുത്തു പരീക്ഷയിൽ അവർ നേടുന്ന A+ അടിസ്ഥാനമാക്കിയാണ്. സമ്പൂർണ്ണ A+ നേടിയവർ മിടുമിടുക്കർ, ഏഴിൽ താഴെ A+ നേടുന്നവർ മിടുക്കർ . തീരെ A+ നേടാത്തവർ സാധാരണക്കാർ – ഇങ്ങനെയാണ് തരംതിരിവ്. ഇതൊരു ഔദ്യോഗികവിഭജനമല്ല. മറിച്ച്, സമൂഹം വരുത്തുന്ന വേർതിരിവാണ്.

ഏതാണ്ട് രണ്ടു ദശാബ്ദങ്ങൾക്കു മുമ്പു വരെ, വിദ്യാർത്ഥികളുടെ ഗ്രേഡ് നിർണ്ണയം അ+ അടിസ്ഥാനത്തിലായിരുന്നില്ല. അന്ന്, ഒന്നാംറാങ്ക് ഒന്നാം ക്ലാസ് എന്നിങ്ങനെയായിരുന്നു ഗ്രേഡിംഗ്. മുമ്പ് 10–ാം ക്ലാസ് കഴിയുന്ന കുട്ടിയോട് സാധാരണ ചോദിക്കുന്ന ചോദ്യമാണ്, ഭാവിയിൽ എന്താകാനാണ് ആഗ്രഹിക്കുന്നത് എന്നത്. ഡോക്ടറാകണം എന്നായിരിക്കും കുട്ടിയുടെ മറുപടി



# മനസ്സു പിണങ്ങിയാൽ

മനസ്സും തലച്ചോറും പരസ്പരപൂരകങ്ങളായിട്ടാണ് മനുഷ്യശരീരത്തിൽ പ്രവർത്തിക്കുന്നത്. ഓർമ്മയുടെ ഉറവിടങ്ങളാണ് ഇവ രണ്ടും.

മനസ്സിന് മൂന്ന് അവസ്ഥകളാണുള്ളത്. അഫക്ട്, ബിഹേവിയർ, കോഗ്നിഷൻ എന്നിവയാണ് ഈ മൂന്ന് അവസ്ഥകൾ. ഓർമ്മ, ബുദ്ധി, മാനസികാരോഗ്യം എന്നിവയുമായി ഇത് ബന്ധപ്പെട്ടിരിക്കുന്നു.

തലച്ചോറിന്റെ വൈകാരികമായ അവസ്ഥ അഥവാ മൂഡ് ആണ് അഫക്ട്. സന്തോഷം, സങ്കടം, കോപം, വ്യസനം തുടങ്ങിയ വികാരങ്ങളിൽ തലച്ചോറിന് സംഭവിക്കുന്ന രാസമാറ്റങ്ങളാണ് ഈ അവസ്ഥയുമായി ബന്ധപ്പെട്ട് വരുന്നത്. അതായത് സന്തോഷകരമായ അവസ്ഥയിൽ നിങ്ങൾ പഠിക്കുന്നതിന്റെ നേർപകുതി മാത്രമെ വിഷാദാവസ്ഥയിൽ ഉൾക്കൊള്ളാൻ കഴിയൂ. അതിനാലാണ് ബാഹ്യകാരണത്താൽ വിഷാദത്തിലേക്കോ സങ്കടത്തിലേക്കോ പോകുന്ന കുട്ടികളുടെ പഠനനിലവാരം താഴുന്നതായി കാണുന്നത്. പെരുമാറ്റ വൈകല്യവും, ചിന്തകളും , മൂഡും കുട്ടികളുടെ ഓർമ്മയും ബുദ്ധിയുമായി ബന്ധപ്പെട്ടിരിക്കുന്നു

## ഡോക്ടറാവണം

റാങ്കോ ക്ലാസ്സോ ലഭിച്ച കുട്ടികൾക്കെല്ലാം അന്ന് ഡോക്ടറായാൽ മതി. അത്യപൂർവം ചിലർ എഞ്ചിനീയറാകാനും സന്നദ്ധരായിരുന്നു. ബാക്കിയുള്ള ബഹുഭൂരിപക്ഷം കുട്ടികളുടേയും ആഗ്രഹം എന്തെന്ന് അറിയാൻ അന്ന് ആർക്കും താത്പര്യവുമില്ലായിരുന്നു.

ഇന്ന്, സ്ഥിതി തികച്ചും വ്യത്യസ്തം. എല്ലാ വിഷയങ്ങൾക്കും അ+ നേടിയാലും ഇല്ലെങ്കിലും കുട്ടികൾക്ക് ഡോക്ടറാകാനാണ് മോഹം ( സത്യത്തിൽ, മോഹം, കുട്ടികളുടെ മാതാപിതാക്കൾക്കാണ് മറ്റു മാർഗ്ഗങ്ങളില്ലെങ്കിൽ മാത്രം, എഞ്ചിനീയറായാലും മതി) എംബിഎ, ഐടി മേഖലകളുമാകാം. അധ്യാപകൻ, പോലീസ് ഓഫീസർ, ഫോറസ്റ്റ് ഓഫീസർ, മറ്റു സാങ്കേതിക വിദഗ്ധർ – ഇതിലൊന്നും കുട്ടികളിൽ താത്പര്യം വളർത്തുന്നില്ല. എന്താണ് കാരണം?

## സമൂഹവുമായി ബന്ധമില്ല

സമൂഹത്തിലെ അതിസമ്പന്ന വിഭാഗം, മക്കളെ ഐഎഎസ്, ഐപിഎസ്, ഐഎഫ്എസ് തുടങ്ങിയ അഖിലേന്ത്യാ സർവ്വീസുകളിൽ പ്രതിഷ്ഠിക്കാനാണ് ആഗ്രഹിക്കുന്നത്. അതിനായി, കുഞ്ഞുങ്ങളെ നഗരത്തിലെ പ്രശസ്തമായ ബോർഡിംഗ് സ്കൂളുകളിൽ ചേർത്ത് പഠിപ്പിക്കുന്നു. പഠനവും ജീവിതവും ബോർഡിംഗിലായതുകൊണ്ട്, കുട്ടികൾക്ക് സമൂഹത്തിലെ മറ്റു കുട്ടികളുമായി ഇടപഴകാൻ അവസരം ലഭിക്കുന്നില്ല. അവർ 'ഭൂമിയിലെ സ്വർഗ്ഗത്തിൽ' വിശിഷ്ട പൗരന്മാരാണെന്ന് ധരിക്കുന്നു. പഠനശേഷം അവർ ഭരണത്തിന്റെ താക്കോൽ സ്ഥാനങ്ങളിൽ അവരോധിക്കപ്പെട്ടേക്കാം. ഇതിനു സാധിച്ചില്ലെങ്കിൽ സമൂഹവുമായി പൊരുത്തപ്പെടാൻ കഴിയാത്തവരായി അവർ മാറുന്നതാണ് അധികവും കണ്ടുവരുന്നത്.

## തുമ്പിയെ കൊണ്ട് കല്ലെടുപ്പിക്കുന്നു

മാധ്യവർഗ്ഗ സമ്പന്നർ കുട്ടികളെ കുഞ്ഞുന്നാൾ മുതൽ പറഞ്ഞു പഠിപ്പിക്കുന്നത്. ...... 'മോൻ/മോൾ ഡോക്ടറാകണം' 'ഡോക്ടറാകണം'....... എന്നാണ്. ഈ ആഗ്രഹ സാഫല്യത്തിന് അനുയോജ്യമായ വിധത്തിൽ അവരെ ശൈശവം മുതലേ, 'തുമ്പിയെക്കൊണ്ട് കല്ലെടുപ്പിക്കും പോലെ' പുസ്തകച്ചുമടുകൾ വഹിപ്പിക്കുകയാണ്, അതുമാത്രമോ? സാവധാനത്തിൽ ഭക്ഷണം കഴിക്കാനോ ശരിയായി ഉറങ്ങാനോ കുട്ടിയെ സമ്മതിക്കുകയുമില്ല. പന്ത്രണ്ടു വയസ്സുവരെയുള്ള കുട്ടികൾക്ക് പ്രതിദിനം 10 മണിക്കൂർ ഉറക്കം ആവശ്യമാണ്. അതിനുമുകളിൽ പ്രായമുള്ളവർക്ക് 6–7 മണിക്കൂർ വേണം.

## അജയ്യ ചിന്ത വേണ്ട

വിദ്യാർത്ഥികളിൽ അതിയായ അജയ്യചിന്ത ( സുപീരിയോരിറ്റി

കോംപ്ലക്സ് ) വളർത്തിയെടുക്കുന്നതും ദോഷമാണ്. ജയിക്കാനായ് ജനിച്ചവൻ ഞാൻ മാത്രമെന്നുള്ള ഹുങ്ക് കുട്ടികളിൽ ഉടലെടുക്കുകയാണ്. ഇതിന്റെ ഫലം. ബാക്കിയുള്ള ( താനൊഴികെയുള്ളവർ ) ജനങ്ങളെയെല്ലാം ശരാശരിയേക്കാൾ താഴെയാണെന്നും തങ്ങൾ മാത്രമാണ് സമൂഹത്തിലെ ഉന്നതസ്ഥാനീയരെന്നും കുട്ടികൾ സ്വയം തെറ്റിദ്ധരിക്കുന്നു. ഈ മിഥ്യാധാരണയെ രക്ഷിതാക്കൾ പിന്തുണയ്ക്കുന്നു, പ്രോത്സാഹിപ്പിക്കുന്നു.

'ആന കൊടുത്താലും ആശ കൊടുക്കരുതെ'ന്നാണ് ആപ്തവാക്യം. ഇവിടെ നേരെ മറിച്ച്, ആനയെ നൽകുന്നു. അതിന്റെ ആയിരമിരട്ടി ആശയും നൽകുന്നു.

സമൂഹത്തിൽ ഇന്ന് DISK (Double Income, Single Kid രണ്ടു പേർക്കും വരുമാനമുള്ള അച്ഛനും അമ്മയും - ഒരുകുഞ്ഞ്) ഫാമിലികളാണുള്ളത്. ഇവർ തങ്ങളുടെ ഏക മകന്/മകൾക്ക് ഏതാശയും ഏതളവിലും കോരിക്കൊടുക്കുകയാണ്. പണം, പദവി ഒന്നുംതന്നെ ഇതിന് വിഘാതമല്ല.

ധനത്തിന്റെ ധാരാളിത്തം, അമിത സ്വാതന്ത്ര്യം, അടിച്ചുപൊളിച്ചു ജീവിക്കേണ്ട പ്രായം. ഇവ മൂന്നും പരമാവധി മുതലെടുത്ത് പല സമ്പന്ന കുടുംബത്തിലെ കുട്ടികളും വിദ്യാലയങ്ങളിൽ വിലസുകയാണ്. തന്മൂലം പഠനത്തിൽനിന്ന് ശ്രദ്ധ വ്യതിചലിക്കുന്നു. ഇത്തരം കുട്ടികൾ വർഷാവസാന പരീക്ഷയിൽ പരാജിതരാവുക സ്വാഭാവികം. എല്ലാത്തിനും A+ പ്രതീകഷിച്ചിരുന്ന കുട്ടി, ആറ് A+ലേക്കോ അതിലും താഴേക്കോ റാങ്കിംഗ് ചെയ്യപ്പെടുമ്പോൾ, ആ വാർത്ത കേൾക്കുന്ന പല മാതാപിതാക്കളുടേയും സമനില തെറ്റാറുണ്ട്, കുട്ടികളിലും കുറ്റബോധവും തുടർന്ന് അധമബോധവുംസംജാതമാകും. ഇത് കടുത്ത നിരാശയിലേക്ക് നയിക്കും. ഈ നിരാശയുടെ മൂർദ്ധന്യാവസ്ഥയിലാണ്, പലപ്പോഴും കുട്ടികൾ ആത്മഹത്യ ചെയ്യുന്നത്. ചിലപ്പോഴേങ്കിലും, മാതാപിതാക്കളും ആത്മഹത്യചെയ്യാറുണ്ട്. ഈ പ്രവണത വർദ്ധിച്ചുവരികയുമാണ്. ഇത് തികച്ചും അനഭിലഷണിയമാണ്.

## നിരാശയെന്ന വികാരം

നിരാശ ഒരു വികാരമാണ്.കടുത്ത നിരാശമൂലംവ്യകതികൾ വിഷാദത്തിലേക്ക് വഴുതിവിഴാറുണ്ട്. നിരാശപ്പെട്ട് തകരുമ്പോഴാണ് പലരും ആത്മഹത്യ ചെയ്യുന്നത്. നിരാശ ശാരിരികരോഗങ്ങൾക്കും കാരണമാകും. മറ്റു ഭാഗികവൈകല്യങ്ങളുമുണ്ടാകാം. കുടൽപ്പുണ്ണ് , ദഹന വ്യൂഹത്തിന്റെ പ്രവർത്തന മാന്ദ്യം എന്നിവയ്ക്കും നിരാശ കാരണമാകുന്നു.

നിരാശയെ അതിജീവിക്കാൻ കഴിയുമോ? തീർച്ചയായും. കുട്ടിക്കാലത്തുതന്നെ കുറച്ചൊക്കെ നിരാശ അനുഭവിക്കാനുള്ള സന്ദർഭങ്ങൾ കുട്ടികൾക്ക് ഉണ്ടാകണം. അത് വിദ്യാർ ത്ഥികളിൽ ക്ഷമാശീലവും ആർജ്ജവവും രൂപപ്പെടാൻ ഉപകരിക്കും. ചെറിയ ക്ലാസുകളിൽ പഠിക്കുമ്പോൾ കുട്ടികൾ ഏതെങ്കിലും വിഷയത്തിൽ തോറ്റാൽ, "സാരമില്ല മോനേ/മോളേ.........തോൽവി മറ്റൊരു വിജയത്തിലേക്കുള്ള ചവിട്ടുപടിയാണ് ......"എന്നൊക്കെ ഉപദേശിച്ച് മക്കളെ സാന്ത്വനിപ്പിക്കാൻ മാതാപിതാക്കൾക്ക് കഴിയണം. നിഴലും വെളിച്ചവും പോലെ ജീവിതത്തിൽ മാറിമാറി പ്രതിഫലിക്കുന്ന പ്രതിഭാസമാണ് വിജയവും പരാജയവും എന്നും കുട്ടികളെ ബോധ്യപ്പെടുത്തണം.

പരാജയമെന്നത് ഒരു വലിയ കുറ്റമോ ഭാഗ്യഹീനതയോ അല്ലെന്ന ചിന്ത കുട്ടികളിലുണ്ടാക്കാൻ കഴിഞ്ഞാൻ കൗമാര ആത്മഹത്യകൾ ഒരു പരിധി വരെ കുറയ്ക്കാൻ കഴിയും. ( പ്രേമനൈരാശ്യം മൂലവും മറ്റും എത്രയെത്ര യുവഹൃദയങ്ങളാണ് അകാലത്ത് പൊലിഞ്ഞു പോയതെന്ന് സ്മരിക്കുക ) തോൽവി കുറ്റമല്ല. അതിന്റെ പേരിൽ നിരാശപ്പെടുകയോ ആത്മഹത്യയിൽ അഭയം കണ്ടെത്തുകയോ ചെയ്യേണ്ടതില്ലെന്ന ചിന്ത കുട്ടികളിൽ ഉളവാക്കാൻ മാതാപിതാക്കൾക്കും സമൂഹത്തിനും ഒരുപോലെ ചുമതലയുണ്ട്. ഒരു പൗരന്റെ നേരായ വളർച്ചയിൽ സമൂഹത്തിനും ഗുണപരമായി ചിലത് ചെയ്യാൻ കഴിയും.

പരാജിതർക്ക് ഇന്നുള്ളതിനേക്കാൾ നല്ല ജീവിതസൗകര്യങ്ങൾ ഭാവിയിൽ ഉണ്ടായേക്കാം. ജീവിതം വട്ടപ്പൂജ്യത്തിൽ നിന്നാരംഭിച്ച് സ്വപ്രയത്നത്താൽ ബഹുകോടി സമ്പത്തും സമൂഹത്തിൽ സമുന്നതസ്ഥാനവും കൈവരിച്ച ധാരാളം മഹാന്മാരെ നമുക്കറിയാം. അത്തരക്കാരുടെ കാലാതിവർത്തികളായ ജീവിതകഥകൾ കുട്ടികൾക്ക് പരിചയപ്പെടുത്തണം.

പരീക്ഷയിൽ നേടുന്ന A+ കൾ അല്ല, ജീവിതത്തിൽ നേടുന്ന A+ കളാണ് ജീവിതസൗഭാഗ്യത്തിന് നിദാനം. ആ ചിന്ത വിദ്യാർ ത്ഥികളിൽ ഉളവാക്കണം. അതിനായി വേണ്ടത് വിദ്യാർ ത്ഥികളെ തോൽവി തെറ്റല്ലെന്ന്/ കുറ്റമല്ലെന്ന് പഠിപ്പിക്കുകയാണ്.

## ഉറക്കവും ഓർമ്മയും തമ്മിൽ

പഠനത്തിന്റെ കേന്ദ്രബിന്ദു മനസ്സാണ്. മനസികാരോഗ്യത്തിന്റെ അടിസ്ഥാനത്തിലാണ് ഓർമ്മ നിലനിൽക്കുന്നത്. നല്ല മാസികാരോഗ്യമുള്ള കുട്ടി മാത്രമെ പഠനത്തിലും ഉന്നത നിലവാരം പുലർത്തുകയുള്ളൂ. മാനസികാരോഗ്യത്തിന് കുടുംബപരമായ അന്തരീക്ഷം വളരെ പ്രധാനപ്പെട്ടതാണ്. അതിനാൽ, നല്ല കുടുംബന്തരീക്ഷം സൃഷ്ടിക്കേണ്ടത് മാതാപിതാക്കളുടെ കടമയാണ്.

ഉറക്കവും ഓർമ്മശക്തിയും തമ്മിൽ വളരെയേറെ ബന്ധപ്പെട്ടു കിടക്കുന്നു. ആവശ്യത്തിന് ഉറങ്ങിയില്ലെങ്കിൽ ഓർമ്മശക്തിയെയും തന്മൂലം പഠനത്തെയും ദോഷകരമായി ബാധിക്കും. നല്ല ഓർമ്മയുണ്ടെങ്കിൽ മാത്രമെ പഠിച്ച കാര്യങ്ങൾ മനസ്സിൽ നിൽക്കുകയുള്ളൂ. ഉറക്കമൊഴിഞ്ഞ് പഠിക്കാൻ മാതാപിതാക്കൾ കുട്ടിയെ നിർബന്ധിക്കാറുണ്ട്. ഇത് കുട്ടികളുടെ പഠനത്തെ സാരമായി ബാധിക്കും.